പാഠം 7

# സിംഹങ്ങളുടെ ഗുഹയിൽനിന്ന് ദൂതന്മാരുടെ ഗുഹയിലേക്ക്

## ശബ്ബത്ത് സായാഹ്നം

**ഈ ആഴ്ചയിലെ പഠനത്തിനായി വായിക്കുക: ദാനി. 6; 1 ശമൂ. 18:6–9; മത്താ. 6:6; അ. പ്ര. 5:27–32; മർക്കൊ. 6:14–29; എബ്രാ. 11:35–38.**

**മനഃപാഠവാക്യം: "ആകയാൽ അദ്ധ്യക്ഷന്മാരും പ്രധാന ദേശാധിപതിമാരും രാജ്യം സംബന്ധിച്ചു ദാനിയേലിനു വിരോധമായി കാരണം കണ്ടെത്തുവാൻ അന്വേഷിച്ചു; എന്നാൽ യാതൊരു കാരണവും കുറ്റവും കണ്ടെത്തുവാൻ അവർക്കു കഴിഞ്ഞില്ല; അവൻ വിശ്വസ്തൻ ആയിരുന്നതുകൊണ്ട് ഒരു തെറ്റും കുറ്റവും അവനിൽ കണ്ടെത്തിയില്ല" (ദാനി. 6:4).**

മേദ്യ-പേർഷ്യക്കാർ ബാബിലോണിനെ കീഴടക്കിയ ശേഷം, മേദ്യനായ ദാര്യാവേശ് ദാനിയേലിന്റെ ജ്ഞാനം മനസ്സിലാക്കിയിട്ടു പുതിയ ഭരണത്തിൽ പങ്കാളി ആകുവാൻ ദാനിയേലിനെ ക്ഷണിച്ചു. പ്രായമേറിയ പ്രവാചകൻ പൊതുഭരണ കർത്തവ്യങ്ങളിൽ മികവു കാട്ടിയതിനാൽ രാജാവ് അദ്ദേഹത്തെ മീദോ-പേർഷ്യക്ക് ആകമാനം ഒരു മുഖ്യ ഭരണാധിപനാക്കി.

എന്നിരുന്നാലും അദ്ധ്യായം വെളിപ്പെടുത്തുന്നതിൻ പ്രകാരം, "ആദ്യപാപം' എന്നു വിളിക്കപ്പെടാവുന്ന അസൂയയുടെ ഫലം അവൻ അനുഭവിക്കേണ്ടിവന്നു. എന്നാലും കഥ അവസാനിക്കുന്നതിനു മുമ്പു, ദാനിയേൽ മീദോ-പേർഷ്യൻ ഭരണ കർത്തവ്യങ്ങളിൽ മാത്രമല്ല, അത്യന്തം പ്രധാനമായി ദൈവത്തോടും വിശ്വസ്തൻ ആയിരുന്നെന്നു നമുക്കു കാണുവാൻ കഴിയുന്നു. ദൈവത്തോടുള്ള അവന്റെ വിശ്വസ്തത ഒരു വലിയ അളവിൽ ഇപ്രകാരമുള്ള മറ്റു കാര്യങ്ങളിലും നേരിട്ടു സ്വാധീനിച്ചിരുന്നു എന്നു നമുക്ക് ഉറപ്പാക്കാം.

ദാനിയേലിന്റെ പീഡാനുഭവങ്ങൾ അന്ത്യകാല ദൈവജനത്തിന് ഒരു മാതൃകാരൂപമായി കാണപ്പെടുന്നു. ദൈവജനം പരിശോധനകളിൽനിന്നും കഷ്ടങ്ങളിൽനിന്നും ഒഴിവാക്കപ്പെടുമെന്നു കഥ അർത്ഥമാക്കുന്നില്ല. തിന്മയുമായുള്ള പോരാട്ടത്തിൽ നന്മ ആത്യന്തികമായി വിജയിക്കുമെന്നും, ദൈവം തന്റെ ജനത്തെ അന്തിമമായി സാധൂകരിക്കുമെന്നും ആണ് അത് ഉറപ്പുതരുന്നത്.

***ഈ ആഴ്ചയിലെ പാഠം പഠിച്ച് ഫെബ്രുവരി 15 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...***

## അസൂയാലുക്കൾ

സ്വർഗ്ഗത്തിൽ ഒരു സമ്പൂർണ്ണമായ അന്തരീക്ഷത്തിൽപോലും ലൂസിഫർ ക്രിസ്തുവിനോട് അസൂയാലു ആയി. "യേശുക്രിസ്തുവിനോടു ലൂസിഫർ അസൂയയും വിരോധവും ഉള്ളവനായിരുന്നു. യേശുവിന്റെ പരമാധികാരത്തെയും ഉന്നതസ്ഥാനത്തെയും നീതിയായ ഭരണത്തെയും ആദരിച്ചുകൊണ്ടു സകല ദൂതന്മാരും യേശുവിന്റെ മുമ്പിൽ വണങ്ങിയപ്പോൾ അവനും അവരോടൊപ്പം വണങ്ങിയെങ്കിലും, അവന്റെ ഹൃദയം വിരോധവും വെറുപ്പും കൊണ്ടു നിറയപ്പെട്ടിരുന്നു." Ellen G. White, The Story of Redemption, p. 14. പത്തു കല്പനകളിൽ തന്നെയും, കൊലപാതകത്തെയും മോഷണത്തെയും നിരോധിക്കുന്നതോടൊപ്പം മോഹത്തിനെതിരെയുള്ള കല്പനയുണ്ട്. അസൂയ സൂക്ഷിക്കപ്പെടുന്നത് അത്രമാത്രം അപകടകരമാണ് (പുറ. 20:17).

**ദാനിയേൽ 6:1–5; ഉല്പ. 37:11; 1 ശമൂ. 18:6–9 വായിക്കുക. ഈ കഥകളിലെല്ലാം അസൂയ എന്തു പങ്കാണു വഹിക്കുന്നത്?**

ദാനിയേലിന്റെ ഭരണ നിർവ്വഹണ കഴിവുകൾ രാജാവിനു സംതൃപ്തി ഉണ്ടാക്കി, എന്നാൽ മറ്റ് ഉദ്യോഗസ്ഥരിൽ അത് അസൂയ ഉളവാക്കി. അതുകൊണ്ട് അവർ അവനിൽ അഴിമതി ആരോപിച്ചു. അവനെ ഒഴിവാക്കുവാൻ കൂടി ആലോചിച്ചു. പക്ഷേ അവർ അന്വേഷിച്ചിടത്തോളമെല്ലാം ദാനിയേലിന്റെ ഭരണനിർവ്വഹണത്തിൽ കുറ്റം കണ്ടെത്തുവാൻ അവർക്കു കഴിഞ്ഞില്ല. "അവനിൽ കുറ്റാരോപണമോ തെറ്റോ കണ്ടെത്തുവാൻ അവർക്കു കഴിഞ്ഞില്ല; ഏതെങ്കിലും പിശകോ വീഴ്ചയോ കണ്ടെത്തുവാനും അവർക്കു കഴിഞ്ഞില്ല" (ദാനി. 6:4). 'വിശ്വസ്തൻ' എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്ന അരാമ്യ പദത്തെ 'വിശ്വാസയോഗ്യൻ' എന്നും പരിഭാഷപ്പെടുത്താവുന്നതാണ്.

ദാനിയേൽ നിഷ്കളങ്കനാണ്; അവനെതിരെ തെറ്റായി ഒരു ആരോപണം ഉന്നയിക്കുവാൻ ഉദ്യോഗസ്ഥർക്ക് ഒന്നും ചെയ്യുവാൻ കഴിഞ്ഞില്ല. എന്നിരുന്നാലും, ദൈവത്തോടും ദാനിയേൽ എത്രമാത്രം വിശ്വസ്തൻ ആയിരുന്നെന്നും, ദൈവനിയമത്തോട് എത്രമാത്രം അവൻ അനുസരണം ഉള്ളവൻ ആയിരുന്നെന്നും അവർ ഗ്രഹിച്ചു. ദാനിയേലിനെ കുടുക്കുവാൻ, ദൈവത്തിന്റെ നിയമങ്ങളെയോ രാജ്യത്തിന്റെ നിയമങ്ങളെയോ അനുസരിക്കുക എന്നുള്ള ഒരു പ്രതിസന്ധി സാഹചര്യം ഉണ്ടാകേണ്ടതിന്റെ ആവശ്യകത അവർക്കു ബോദ്ധ്യമായി. ദാനിയേലിനെക്കുറിച്ച് ഉദ്യോഗസ്ഥർ പഠിച്ചതിൽനിന്നു, ദാനിയേൽ രാജ്യനിയമങ്ങൾക്കു മീതെ ദൈവനിയമങ്ങളോടു ചേർന്നു നിൽക്കുമെന്ന് അവർ പരിപൂർണ്ണമായി ധാരണയിലെത്തി. ദാനിയേലിന്റെ വിശ്വസ്തതയ്ക്ക് എന്തൊരു സാക്ഷ്യം!

**അസൂയയോട് എന്തു പോരാട്ടമാണ് നിങ്ങൾക്കു വേണ്ടിവന്നിട്ടുള്ളത്? നിങ്ങൾ അതിനെ എങ്ങനെ കൈകാര്യം ചെയ്തു? അസൂയ എന്തുകൊണ്ടു മാരകവും വികലം ആകുന്നതുമായ ആത്മിക വീഴ്ചയായിത്തീരുന്നു?**

## ദാനിയേലിനെതിരെ ഗൂഢാലോചന

**ദാനിയേൽ 6:6-9 വായിക്കുക. ഈ കല്പനയുടെ പിന്നിലെ ചിന്ത എന്താണ്? രാജാവിന്റെ വ്യർത്ഥതയിൽ ഇതെങ്ങനെ പ്രവർത്തിച്ചു?**

പെട്ടെന്നു പിൻവലിക്കുവാൻ തോന്നത്തക്ക ഒരു ആജ്ഞ നൽകിയതിൽ ദാര്യാവേശ് രാജാവ് നിസ്സാരനായി കാണപ്പെട്ടു. ഉന്നത ഉദ്യോഗസ്ഥർ ഒരുക്കിയ കെണിയിൽ രാജാവ് വീണു. ഭരണനിർവ്വഹണം കൂടുതൽ കാര്യക്ഷമം ആക്കേണ്ടതിനു ദാര്യാവേശ് സർക്കാരിനെ വികേന്ദ്രീകരിക്കുകയും 120 പ്രധാന ദേശാധിപതികളെ നിയമിക്കുകയും ചെയ്തു. എന്തായാലും, അത്തരം ഒരു നടപടി കാലാന്തരത്തിൽ ചില ദുഃസ്ഥിതികൾ കൊണ്ടുവരികയും ചെയ്തു. സ്വാധീനമുള്ള ഒരു ദേശാധിപതിക്കു പ്രയാസം കൂടാതെ ഒരു മത്സരം സംഘടിപ്പിച്ച് രാജ്യത്തെ പിളർക്കുവാൻ കഴിയുമായിരുന്നു. അങ്ങനെ, മുപ്പതു ദിവസത്തേക്കു രാജാവിനോടു മാത്രമേ അപേക്ഷ കഴിക്കാവൂ എന്നു നിർബ്ബന്ധിതമാക്കുന്ന ഒരു നിയമംമൂലം രാജാവിനോടുള്ള പ്രതിബദ്ധതയെ ശക്തിപ്പെടുത്തുവാനും, അങ്ങനെ ഏതു തരത്തിലുമുള്ള രാജദ്രോഹപ്രവൃത്തികളെയും നിരോധിക്കുവാനും കഴിയുമായിരുന്നു. അത്തരം ഒരു നിയമനിർദ്ദേശത്തിനു "സകല" ഗവർണർമാരുടെയും, ഭരണകർത്താക്കളുടെയും, ദേശാധിപതികളുടെയും വിദ്വാന്മാരുടെയും ഉപദേഷ്ടാക്കളുടെയും പൂർണ്ണ പിന്തുണ ഉണ്ടെന്ന് അവകാശപ്പെട്ടുകൊണ്ട് അവർ രാജാവിനെ വഴിതെറ്റിച്ചു. കാരണം ദാനിയേൽ അതിൽ ഉൾപ്പെട്ടിരുന്നില്ല. കൂടാതെ, ഒരു ദൈവമായി കരുതപ്പെടുക എന്നതു രാജാവിനെ സംബന്ധിച്ചു തൃപ്തികരവും ആയിരുന്നു.

പേർഷ്യൻ രാജാക്കന്മാർ ദിവ്യപദവി എപ്പോഴെങ്കിലും അവകാശപ്പെട്ടതിനു തെളിവൊന്നുമില്ലെങ്കിലും മുപ്പതു ദിവസത്തേക്കു രാജാവിനെ ദൈവങ്ങളുടെ പ്രതിനിധി ആക്കുവാൻ ഉദ്ദേശിച്ചു. പ്രാർത്ഥനകൾ രാജാവിലൂടെ അർപ്പിക്കപ്പെടണമായിരുന്നു. നിർഭാഗ്യവശാൽ രാജാവ് നിർദ്ദിഷ്ട കല്പനയുടെ പിന്നിലെ ഉൾപ്രേരണ എന്തായിരുന്നു എന്ന് അന്വേഷിച്ചില്ല. അത് ദാനിയേലിനെ ഉപദ്രവിക്കുന്നതിനുള്ള ഒരു ഗൂഢാലോചന ആയിരുന്നെന്നു രാജാവ് ഗ്രഹിച്ചില്ല.

ഈ നിയമത്തിന്റെ രണ്ടു വശങ്ങൾ പ്രത്യേകം ശ്രദ്ധ അർഹിക്കുന്നു. ഒന്ന്, ലംഘനത്തിനുള്ള പിഴ എന്നതു, സിംഹങ്ങളുടെ ഗുഹയിലേക്ക് എറിയുക എന്നതായിരുന്നു. ഇത്തരം ശിക്ഷ മറ്റെങ്ങും അറിയപ്പെടാതിരുന്നതിനാൽ ഇത് ദാനിയേലിന്റെ ശത്രുക്കളുടെ ഒരു ഉടൻ നിർമ്മിത നിർദ്ദേശം ആയിരുന്നു. പൗരാണിക സമീപ പൗരസ്ത്യരാജാക്കന്മാർ ചില സന്ദർഭങ്ങളിൽ വേട്ടയ്ക്കുവേണ്ടി സിംഹങ്ങളെ കൂടുകളിൽ സൂക്ഷിച്ചിരുന്നു. അതുകൊണ്ട് രാജകല്പനകളെ ധിക്കരിക്കുന്നവരെ ശിക്ഷിക്കുവാൻ സിംഹങ്ങളുടെ അഭാവം ഇല്ലായിരുന്നു. രണ്ട്, കല്പനയ്ക്കു മാറ്റം വരുത്തുവാൻ കഴിയുമായിരുന്നില്ല. "മേദ്യരുടെയും പേർഷ്യക്കാരുടെയും" നിയമത്തിന്റെ മാറ്റമില്ലാത്ത സ്വഭാവം സംബന്ധിച്ചു എസ്ഥേർ 1:19 ലും 8:8 ലും പരാമർശിക്കപ്പെട്ടിട്ടുണ്ട്. പൗരാണിക ഗ്രീക്കു ചരിത്രകാരൻ ആയിരുന്ന ഡയോഡോറസ് സിക്കുലസ്സ് അത്തരം ഒരു സന്ദർഭം പരാമർശിച്ചിട്ടുണ്ട്. ദാര്യാവേശ് III (ദാനിയേൽ പുസ്തകത്തിൽ പറയപ്പെടുന്ന ദാര്യാവേശല്ല) നിർദ്ദോഷിയായ ഒരുവനു നൽകപ്പെട്ട മരണശിക്ഷ അസാധുവാക്കുവാൻ മനസ്സുവെച്ചു, പക്ഷേ കഴിഞ്ഞില്ല.

## ദാനിയേലിന്റെ പ്രാർത്ഥന

**"നീയോ പ്രാർത്ഥിക്കുമ്പോൾ അറയിൽ കടന്നു വാതിൽ അടച്ചു രഹസ്യത്തിലുള്ള നിന്റെ പിതാവിനോടു പ്രാർത്ഥിക്ക; രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്കു പ്രതിഫലം തരും" (മത്താ. 6:6).**

**ദാനിയേൽ 6:10 വായിക്കുക. തന്നെ ആരും കാണാതെ കേവലം ശാന്തമായി എന്തുകൊണ്ടു ദാനിയേൽ പ്രാർത്ഥിച്ചില്ല?**

ദാനിയേൽ പരിചയസമ്പന്നനായ ഒരു രാജ്യതന്ത്രജ്ഞൻ ആയിരുന്നു. എന്നാൽ സർവ്വോപരി അവൻ ദൈവത്തിന്റെ ശുശ്രൂഷകൻ ആയിരുന്നു. അങ്ങനെയിരിക്കെ രാജാവിന്റെ കല്പനയുടെ പിന്നിൽ എന്താണ് ഉണ്ടായിരുന്നതെന്നു ഭരണതലത്തിൽ അറിയാമായിരുന്ന ഏകവ്യക്തി ദാനിയേൽ മാത്രമായിരുന്നു. ദാര്യാവേശിനെ സംബന്ധിച്ചിടത്തോളം കല്പന രാജ്യത്തിന്റെ ഐക്യത്തെ ശക്തിപ്പെടുത്തുവാൻ പര്യാപ്തമായിരുന്നു. ഗൂഢാലോചനക്കാർക്ക് ആകട്ടെ ദാനിയേലിനെ ഒഴിവാക്കി കിട്ടുവാനുള്ള ഒരു തന്ത്രം മാത്രം ആയിരുന്നു അത്.

നിശ്ചയമായും ഗൂഢാലോചനയുടെ പിന്നിലെ യഥാർത്ഥ കാരണങ്ങളും പ്രേരണകളും ദൈവവും ദുർശ്ശക്തികളും തമ്മിലുള്ള അഭൗമിക (cosmic) യുദ്ധത്തിന്റെ ഭാഗമാണ്. ഇക്കാലത്ത് (BC 539) തന്നെ ദാനിയേൽ 7 ൽ അടങ്ങിയിരിക്കുന്ന ദർശനവും (BC 553), 8 ലെ ദർശനവും (BC 551) ദാനിയേലിനു ലഭിച്ചിരുന്നു. അതുകൊണ്ട് അവനു രാജകല്പനയെ മനസ്സിലാക്കുവാൻ കഴിഞ്ഞിരുന്നു; കേവലം വെറും മാനുഷിക രാഷ്ട്രീയമായി മാത്രമല്ല, ഈ സാർവ്വലൗകിക യുദ്ധത്തിന്റെ ഒരു സന്ദർഭമായും അവൻ അതിനെ മനസ്സിലാക്കി. മനുഷ്യപുത്രൻ രാജ്യം അത്യുന്നതന്റെ ജനങ്ങൾക്ക് ഏല്പിച്ചുകൊടുക്കുന്ന ദർശനവും ദൂതവ്യാഖ്യാനി മുഖാന്തരം നൽകപ്പെട്ട ആശ്വാസകരമായ പിന്തുണയും (ദാനി. 7) തനിക്കു നേരെ വന്ന പ്രതിസന്ധിയെ നേരിടുവാനുള്ള ധൈര്യം അവനു നൽകി. നെബൂഖദ്നേസ്സറുടെ കല്പനയെ വെല്ലുവിളിക്കുവാൻ പ്രാപ്തരായ (ദാനി 3) തന്റെ സുഹൃത്തുക്കളുടെ അനുഭവത്തെക്കുറിച്ചും അവൻ ചിന്തിച്ചുകാണും.

രാജാവിനോടല്ലാതെ മനുഷ്യരോടോ ദൈവത്തോടോ മുപ്പതു ദിവസം അപേക്ഷ കഴിക്കുവാൻ അരുതെന്ന നിരോധനം ഉണ്ടായിരിക്കെ യെരൂശലേമിനു നേരെ തിരിഞ്ഞു ദിവസത്തിൽ മൂന്നു പ്രാവശ്യം പ്രാർത്ഥിക്കുന്ന പതിവ് അവൻ തുടർന്നു. രാജകല്പനയുമായി ഏറ്റുമുട്ടേണ്ടിവന്ന സന്ദർഭത്തിൽ അവൻ പരിപൂർണ്ണമായും ഏകനായ ന്യൂനപക്ഷം മാത്രമായിരുന്നു. തന്റെ തുറന്ന പ്രാർത്ഥനാജീവിതത്തിലൂടെ, ദൈവത്തോടു കടപ്പെട്ടുള്ള തന്റെ പ്രതിബദ്ധത കഴിഞ്ഞേ രാജാവിനോടും മാറ്റപ്പെടാനാകാത്ത രാജകല്പനയോടുമുള്ള പ്രതിബദ്ധത വരുന്നുള്ളൂ എന്നു ദാനിയേൽ കാട്ടിക്കൊടുത്തു.

**അ.പ്രവൃത്തി 5:27–32 വായിക്കുക. ഇവിടെയുള്ള സദുപദേശം വ്യക്തമാണെങ്കിലും, നാം മാനുഷിക നിയമങ്ങൾക്കു വിപരീതമായി പ്രവർത്തിക്കുമ്പോൾ, നാം ചെയ്യുന്നതു തികച്ചും ദൈവയിഷ്ടം ആണെന്ന് എല്ലായ്പോഴും ഉറപ്പാക്കേണ്ടത് എന്തുകൊണ്ട് അത്യാവശ്യമാണ്?**

## സിംഹങ്ങളുടെ ഗുഹയിൽ

ദാനിയേൽ 6:11-23 വായിക്കുക. രാജാവു ദാനിയേലിനോട് എന്തു പറഞ്ഞു? ദൈവത്തിനു വിശ്വസ്തനായ ദാനിയേലിന്റെ സാക്ഷ്യത്തിന്റെ ശക്തിയെ അതെങ്ങനെ വെളിപ്പെടുത്തുന്നു?

ദാനിയേൽ രാജകല്പനയ്ക്കുനേരെ വിപരീതമായി പ്രാർത്ഥിക്കുന്നതു ഗൂഢാലോചകർ കണ്ടെത്തി. അവർ രാജാവിന്റെ മുമ്പിൽ കുറ്റാരോപണം കൊണ്ടുവരുമ്പോൾ മാനം കളയുന്ന വിധത്തിൽ പറഞ്ഞു: "യെഹൂദാ പ്രവാസികളിൽ ഒരുത്തനായ ദാനിയേൽ" (ദാനി. 6:13). സാമ്രാജ്യത്തിലെ മുഖ്യഭരണകർത്താക്കളിൽ ഒരുവനും രാജാവിന്റെ ഇഷ്ടനുമായവൻ അവരുടെ കണ്ണുകളിൽ കേവലം "ഒരു പ്രവാസി" മാത്രമായി. അതു കൂടാതെ, "തിരുമേനിയെ ആകട്ടെ, തിരുമനസ്സുകൊണ്ട് എഴുതിച്ച കല്പനയെയാകട്ടെ കൂട്ടാക്കാതെ" എന്നു പറഞ്ഞ് അവർ ദാനിയേലിന് കെണിവയ്ക്കുകകൂടി ചെയ്തു.

രാജാവ് കല്പനയിൽ ഒപ്പിട്ടതിലൂടെ താൻ ഒരു കെണിയിലകപ്പെട്ടു എന്നു ബോദ്ധ്യമായി. വാക്യം പറയുന്നു, രാജാവ് "അവനെ രക്ഷിപ്പാൻ സൂര്യൻ അസ്തമിക്കുവോളം പ്രയത്നം ചെയ്തു" (ദാനി. 6:14). എന്നാൽ കുറിക്കപ്പെട്ട ശിക്ഷയിൽനിന്നു പ്രവാചകനെ രക്ഷിക്കുവാൻ രാജാവിന് ഒന്നും തന്നെ ചെയ്യാൻ കഴിയുമായിരുന്നില്ല. മേദ്യരുടെയും പാർസികളുടെയും മാറ്റിക്കൂടാത്ത നിയമം അക്ഷരാർത്ഥത്തിൽ നടപ്പിലാക്കിയേ മതിയാകൂ. രാജാവ് അങ്ങനെ വൈമനസ്യത്തോടെ ദാനിയേലിനെ സിംഹങ്ങൾക്ക് എറിഞ്ഞു കൊടുക്കുവാൻ കല്പിച്ചു. പക്ഷേ അങ്ങനെ ചെയ്തതിൽ തന്നെ പ്രത്യാശയുടെ ഒളിമിന്നൽ രാജാവ് ഒരു പ്രാർത്ഥനാ രൂപേണ പ്രകടമാക്കി: "നീ നിരന്തരം സേവിച്ചു വരുന്ന നിന്റെ ദൈവം നിന്നെ രക്ഷിക്കും" (ദാനി. 6:16).

ദാനിയേൽ സിംഹങ്ങളുടെ ഇടയിൽ എന്തു ചെയ്തു എന്നു വചനഭാഗം പറയുന്നില്ല. എന്നാൽ ദാനിയേൽ പ്രാർത്ഥിക്കുകയായിരുന്നു എന്ന് ഒരാൾക്ക് അനുമാനിക്കാം. ദൈവമോ ദാനിയേലിന്റെ വിശ്വാസത്തെ മാനിച്ച് അവന്റെ സംരക്ഷണയ്ക്കായി തന്റെ ദൂതനെ അയച്ചു. പ്രഭാതത്തിൽ ദാനിയേൽ ദോഷമൊന്നും ഭവിക്കാതെ ഗവണ്മെന്റിലെ തന്റെ പ്രവൃത്തി തുടരുന്നതിന് ഒരുങ്ങിയിരുന്നു. ഈ സംഭവം സംബന്ധിച്ച് എലൻ ജി. വൈറ്റ് പറയുന്നു: "ദാനിയേലിനെ സിംഹക്കുഴിയിൽ എറിയുന്നതിൽനിന്നു ദൈവം അവന്റെ എതിരാളികളെ നിരോധിച്ചില്ല; ദുഷ്ട ദൂതന്മാരെയും ക്രൂര മനുഷ്യരെയും അവരുടെ ഉദ്ദേശ്യങ്ങൾ നിവർത്തിക്കുന്നതിന് ഇത്രത്തോളം ദൈവം അനുവദിച്ചു; എന്നാൽ തന്റെ ദാസന്റെ വിടുതലിനെ കൂടുതൽ ഉറപ്പാക്കുക എന്നതായിരുന്നു ദൈവത്തിന്റെ ഉദ്ദേശ്യം. അതേസമയം സത്യത്തിന്റെയും നീതിയുടെയും ശത്രുക്കളുടെ പരാജയം പൂർത്തീകരിക്കുക എന്നതും ദൈവത്തിന്റെ പദ്ധതി ആയിരുന്നു" (Prophets and Kings, pp. 543,544).

**ഈ കഥയ്ക്കു സന്തുഷ്ടമായ ഒരു പര്യവസാനം ഉണ്ടെങ്കിലും (ദാനിയേലിന്റെ കാര്യത്തിലെങ്കിലും) വിടുതലുണ്ടാകാത്ത ബൈബിൾ അനുഭവങ്ങളുടെ കാര്യം എന്താണ്? (മർക്കൊ. 6:14-29 കാണുക). അവയെ എങ്ങനെ മനസ്സിലാക്കണം?**

## നിരപരാധി എന്നു തെളിയിക്കപ്പെടുന്നു

**ദാനിയേൽ 6:24-28 വായിക്കുക. ദൈവത്തെക്കുറിച്ചു ദാര്യാവേശ് എന്തു സാക്ഷ്യം നൽകി?**

ദാര്യാവേശ് ദൈവത്തെ സ്തുതിക്കുകയും ദൈവത്തിന്റെ പരമാധികാരത്തെ അംഗീകരിക്കുകയും ചെയ്തു. അത് ഈ കഥാവിവരണത്തിന്റെ ഒരു സുപ്രധാന വസ്തുതയാകുന്നു. മുൻ അദ്ധ്യായങ്ങൾ നൽകുന്ന സ്തുതികളുടെ അല്ലെങ്കിൽ ദൈവത്തെക്കുറിച്ച് ഉണ്ടായ തിരിച്ചറിവിന്റെ പ്രസ്താവനകളുടെ പര്യവസാനം അഥവാ പരമകാഷ്ഠയാണ് ഇത് (ദാനി. 2:20-23; 3:28,29; 4:1-3; 4:34-37). നെബൂഖദ്നേസ്സറിനെപ്പോലെ തന്നെ ദാര്യാവേശ് ദൈവത്തെ സ്തുതിച്ചുകൊണ്ടാണു ദാനിയേലിന്റെ മോചനത്തോടു പ്രതികരിച്ചത്. പക്ഷേ അവൻ അതിലും അധികം ചെയ്തു: രാജാവു തന്റെ മുൻകല്പനയെ പിൻവലിക്കുകയും എല്ലാവരും "ദാനിയേലിന്റെ ദൈവത്തിന്റെ മുമ്പാകെ ഭയഭക്തിയോടെയിരിക്കണമെന്ന്" (ദാനി. 6:26) ഒരു പുതിയ കല്പന എഴുതി നൽകുകയും ചെയ്തു.

അതേ, ദാനിയേൽ അത്യത്ഭുതകരമായി വിടുവിക്കപ്പെട്ടു; അവന്റെ വിശ്വസ്തതയ്ക്കു പ്രതിഫലം കിട്ടി. ശത്രുക്കളുടെ ദുഷ്ടതയ്ക്കു ശിക്ഷ ലഭിച്ചു. ദൈവത്തിന്റെ ബഹുമാനവും ശക്തിയും തെളിയിക്കപ്പെടുകയും ചെയ്തു. പക്ഷേ ഇവിടെ നമ്മൾ, സാർവ്വദേശീയ തലത്തിൽ സംഭവിക്കുവാൻ പോകുന്നതിന്റെ ഒരു ചെറിയ ദൃഷ്ടാന്തമാണു കാണുന്നത്: ദൈവജനം വിടുവിക്കപ്പെട്ടു, തിന്മ ശിക്ഷിക്കപ്പെട്ടു, ദൈവം നീതിമാനെന്ന് അഖിലാണ്ഡത്തിലെങ്ങും തെളിയിക്കപ്പെട്ടു.

**ദാനിയേൽ 6:24 വായിക്കുക. ഈ വാക്യത്തിൽ അധികം കുഴപ്പകരമായി എന്താണ് നാം കാണുന്നത്? എന്തുകൊണ്ട്?**

എങ്ങനെ ആയാലും അധികം അസ്വസ്ഥകരമായ ഒരു കാര്യം നാം കാണുന്നു. അതായതു, നമുക്കറിയാവുന്നിടത്തോളം നിർദ്ദോഷികളായിരുന്ന ഭാര്യമാരും കുഞ്ഞുങ്ങളും കൂടി കുറ്റക്കാരായവരുടെ ദുർവ്വിധി അനുഭവിക്കേണ്ടിവന്നു. തെറ്റായി കാണപ്പെടാവുന്ന ഈ നീതി നിർവ്വഹണത്തെ നാം എങ്ങനെ വിശദീകരിക്കും?

ഒന്ന്, പേർഷ്യൻ നിയമം അനുസരിച്ചു തീരുമാനമെടുത്തതും നടപ്പിലാക്കിയതും രാജാവാണെന്നു നാം മനസ്സിലാക്കണം. ആ നിയമം കുറ്റക്കാരന്റെ ശിക്ഷയിൽ കുടുംബത്തെയും ഉൾപ്പെടുത്തിയിരുന്നു. ഒരു പൗരാണികതത്വം അനുസരിച്ചു, കുടുംബത്തിൽ ഒരുവന്റെ കുറ്റത്തിനു കുടുംബം മുഴുവൻ ഉത്തരവാദിത്വം അനുഭവിക്കണമായിരുന്നു. അതു ശരിയാണെന്ന് അത് അർത്ഥമാക്കുന്നില്ല. ഈ കഥ പേർഷ്യൻ നിയമത്തെക്കുറിച്ചുള്ള നമ്മുടെ അറിവിനൊത്തു പോകുന്നു എന്നു മാത്രമേ അർത്ഥമുള്ളൂ.

രണ്ട്, ബൈബിളിന്റെ ഈ കഥാവിവരണം ആ സംഭവത്തെ അവതരിപ്പിക്കുന്നു എന്നല്ലാതെ രാജാവിന്റെ പ്രവൃത്തിയെ അംഗീകരിക്കുകയല്ല എന്നു നാം ഓർക്കണം. വാസ്തവത്തിൽ, മാതാപിതാക്കളുടെ പാപങ്ങൾക്കു മക്കളെ കൊല്ലുന്നതിനെ ബൈബിൾ വ്യക്തമായും നിരോധിക്കുന്നു (ആവ. 24:16).

**ഇതിന്റെയും ഇതുപോലെയുള്ള മറ്റനേകം അനീതിയുടെയും മുമ്പാകെ 1 കൊരിന്ത്യർ 4:5 ൽ നിന്നു നമുക്ക് എന്ത് ആശ്വാസമാണ് ലഭിക്കുന്നത്? അത് എന്താണ് പറയുന്നത്, അതു സൂചിപ്പിക്കുന്ന വസ്തുത എന്തുകൊണ്ടു പ്രധാനമാണ്?**

## കൂടുതൽ പഠനം:

ദാനിയേലിന്റെ വിടുതൽ എബ്രായർ 11 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതു "വിശ്വാസ കീർത്തിയുടെ വിശാലശാല" (The Hall of Fame of Faith) എന്നു വിളിക്കപ്പെടുന്നു. പ്രവാചകന്മാരുടെ മറ്റു നേട്ടങ്ങളുടെ കൂട്ടത്തിൽ, "സിംഹങ്ങളുടെ വായ് അടച്ചു" എന്നു പറയുന്നു (എബ്രാ. 11:33). ഇത് അതിശയകരമാണ്. പക്ഷേ ദാനിയേലിനെപ്പോലെ മരണത്തിൽനിന്നു രക്ഷപ്പെട്ടവർ മാത്രമല്ല, വിശ്വാസവീരന്മാർ, എന്നാൽ എബ്രായർ 11 ൽ പറയപ്പെടുന്നതുപോലെ ധീരമായി കഷ്ടം സഹിച്ചു മരിച്ചവരും വിശ്വാസവീരന്മാരാണെന്നു നാം ഓർക്കണം. ദൈവം ചിലരെ ജീവിച്ചിരുന്നു സാക്ഷികൾ ആകുന്നതിനും ചിലരെ മരിച്ചു സാക്ഷികൾ ആകുന്നതിനും വിളിച്ചിരിക്കുന്നു. അപ്രകാരം ദാനിയേലിന്റെ വിടുതൽ എല്ലാവർക്കും വിടുതൽ ഉണ്ടാകുമെന്ന് അർത്ഥമാക്കുന്നില്ല. യേശുവിലെ വിശ്വാസം നിമിത്തം രക്തസാക്ഷികൾ ആയിത്തീർന്ന സ്ത്രീപുരുഷന്മാരുടെ വൻസമൂഹങ്ങളിൽനിന്നു നാം അതാണു പഠിക്കേണ്ടത്. എന്നിരുന്നാലും, ദൈവം ഒടുവിൽ തന്റെ എല്ലാ മക്കളെയും പാപത്തിന്റെ ശക്തിയിൽനിന്നും മരണത്തിൽനിന്നും വിടുവിക്കുമെന്നും, ദൈവം വാഴുന്നു എന്നും ദാനിയേലിന്റെ അത്ഭുത രക്ഷപ്പെടൽ നമുക്കു കാണിച്ചുതരുന്നു. ദാനിയേൽ പുസ്തകത്തിന്റെ അടുത്ത അദ്ധ്യായങ്ങളിൽനിന്ന് ഇതു കൂടുതൽ വ്യക്തമാകും.

**ചർച്ചയ്ക്കായുള്ള ചോദ്യങ്ങൾ:**

1. **ഫ്രാൻസുകാരനായ ജീൻ പോൾ സാർത്രെ ഒരിക്കൽ എഴുതി: "മനുഷ്യ യാഥാർത്ഥ്യത്തിന്റെ അടിസ്ഥാന പദ്ധതി ഗ്രഹിക്കുന്നതിനുള്ള അത്യുത്തമമാർഗ്ഗം, ദൈവം ആയിരിക്കുവാനുള്ള മനുഷ്യന്റെ പദ്ധതി ആണെന്നു പറയുകയാണ്" (the best way to conceive of the fundamental project of human reality is to say that man is the being whose project is to be God). Being and Nothingness..., 1956, p. 724. രാജാവു കെണിയിൽ വീഴുവാൻ കാരണം എന്തെന്ന് ഒരു നിലയിലെങ്കിലും ഗ്രഹിക്കുവാൻ ഇതെങ്ങനെ സഹായിക്കുന്നു? ജീവിതത്തിൽ നമ്മുടെ സ്ഥാനം എവിടെ ആയാലും, അപകടകരമായ ഈ ചായ്‌വ് ഉണ്ടാകാതിരിക്കുവാൻ നമ്മൾ എന്തുകൊണ്ടു സൂക്ഷിക്കണം? "ദൈവത്തെപ്പോലെ" ആകുവാൻ നാം ആഗ്രഹിക്കാവുന്ന മറ്റു ചില മാർഗ്ഗങ്ങൾ ഏതൊക്കെയാണ്?**

2. **ദൈവത്തോടും ദൈവനിയമത്തോടുമുള്ള നമ്മുടെ വിശ്വസ്തതയെ നമ്മൾ എങ്ങനെ സാക്ഷീകരിക്കുന്നു. ജോലി നഷ്ടപ്പെട്ടാലും ജീവൻ പോയാലും, നിങ്ങൾ വിശ്വാസത്തിൽ നിലനിൽക്കുമെന്നു നിങ്ങളെ അറിയുന്നവർ പറയുമോ?**

3. **ദൈവത്തിനു തന്റെ ഉദ്ദേശ്യ നിവർത്തിക്കു യുക്തമായി ഉപയോഗിക്കാൻ കഴിയുന്ന ഒരുവനായി നിങ്ങൾ ദാനിയേലിൽ എന്താണു കണ്ടത്? ദൈവസഹായത്താൽ നിങ്ങൾക്ക് അപ്രകാരം ആകുവാൻ കഴിയുമോ?**

4. **രാജകല്പനയെ തുടർന്നു പ്രാർത്ഥനാരീതി മാറ്റുന്നതിൽ നിങ്ങൾ ഏതെല്ലാം വിധങ്ങളിൽ ദാനിയേലിനെ ന്യായീകരിക്കുമായിരുന്നു. അത് അപകടകരമായ ഒരു അനുരഞ്ജനം ആകുമായിരുന്നോ? എന്തുകൊണ്ട്?**